(സി) സുൽത്താൻബത്തേരി-പുൽപ്പള്ളി റോഡ്, കുറ്റ്യാടി-കെല്ലൂർ റോഡ് എന്നിവയുടെ പണി പൂർത്തിയായി. വൈത്തിരി-പാറത്തോട്, പാറത്തോട്-തരുവണ്ണ റോഡുകളുടെ 70% പണികൾ പൂർത്തിയായി. ബാക്കി പണികൾ 2006 മാർച്ചിനകം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

റോഡുകൾ സ്റ്റേറ്റ് ഹൈവേയായി ഉയർത്താൻ നടപടി

98 [1220] ശ്രീ. എ. സി. ഷണ്മുഖദാസ് :
,, കെ. പി. മോഹനൻ :
ഡോ. എ. നീലലോഹിതദാസൻ നാടാർ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര റോഡുകൾ സ്റ്റേറ്റ് ഹൈവേയായി ഉയർത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ;

(ബി) ഇത്തരത്തിൽ സ്റ്റേറ്റ് ഹൈവേയായി ഉയർത്തപ്പെട്ട റോഡുകളുടെ ലിസ്റ്റ് ലഭ്യമാക്കുമോ ;

(സി) ഇതിൽ എത്ര റോഡുകളുടെ നിലവാരം സ്റ്റേറ്റ് ഹൈവേയുടെ നിലയിലേക്ക് ഉയർത്തുന്നതിന് പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ഡി) 2005-ൽ സ്റ്റേറ്റ് ഹൈവേയായി പ്രഖ്യാപിച്ച കാപ്പാട്-അത്തോളി-തുഷാരഗിരി-പൂക്കാട് ലേക്ക് റോഡിന്റെ അലൈൻമെന്റ് നിശ്ചയിച്ച് കഴിഞ്ഞുവോ ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 11 റോഡുകൾ സ്റ്റേറ്റ് ഹൈവേയായി പ്രഖ്യാപിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) അവ താഴെ പറയുന്നവയാണ് :

1. ഗുരുവായൂർ-ആൽത്തറ-പൊന്നാനി റോഡ്.
2. വൈപ്പിൻ-പള്ളിപ്പുറം റോഡ്.
3. വർക്കല-പാരിപ്പള്ളി-മടത്തറ റോഡ്.
4. പരപ്പനങ്ങാടി-അരീക്കോട് റോഡ്.
5. ആലപ്പുഴ-അർത്തുങ്കൽ-ചെല്ലാനം-തോപ്പുംപടി (കൊച്ചി) റോഡ്.
6. മണ്ണാറക്കുളഞ്ഞി-പമ്പ റോഡ്.
7. കാപ്പാട്-തുഷാരഗിരി-അടിവാരം റോഡ്.
8. തൃശ്ശൂർ-കുറ്റിപ്പുറം റോഡ്.
9. കരുവാരകുണ്ട്-മേലാത്തൂർ റോഡ്.
10. തിരൂർ-മലപ്പുറം-മഞ്ചേരി റോഡ്.
11. മലപ്പുറം-പരപ്പനങ്ങാടി റോഡ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്റ്റേറ്റ് ഹൈവേയായി പ്രഖ്യാപിച്ചതിന് ശേഷം നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതികൾ ഒന്നും പ്രസ്തുത റോഡുകളിൽ ആരംഭിച്ചിട്ടില്ല.

(ഡി) അലൈൻമെന്റ് അംഗീകരിച്ചിട്ടില്ല. വിശദമായ ശുപാർശകൾ തയ്യാറാക്കേണ്ടിയിരിക്കുന്നു.

എക്സ്പ്രസ്സ് ഹൈവേ നിർമ്മിക്കുവാനുള്ള പദ്ധതി

99 [1221] ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എക്സ്പ്രസ്സ് ഹൈവേ നിർമ്മിക്കുവാനുള്ള പദ്ധതി ഏത് ഘട്ടത്തിലാണ് ;

(ബി) ഇതിന്റെ വിശദമായ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ; ഇതനുസരിച്ച് എത്ര ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടി വരുമെന്ന് വെളിപ്പെടുത്തുമോ ; എത്ര കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ടി വരും ; ഇതിന് എത്ര തുക വേണ്ടി വരും എന്നാണ് കണക്കാക്കിയിട്ടുള്ളത് എന്ന് അറിയിക്കുമോ ;

(സി) ഈ പദ്ധതി നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നത്തെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ ; ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ഈ പദ്ധതിക്കുവേണ്ടി എത്ര തുക ചെലവാകും എന്നാണ് കണക്കാക്കിയിട്ടുള്ളത് ; ഇതുവരെ ചെലവായ തുക എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഈ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(എഫ്) ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം എന്നാരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിശദമായ പദ്ധതി രൂപരേഖ ഉണ്ടാക്കാൻ ഒരു സ്വകാര്യ കമ്പനിയെ ഏൽപ്പിച്ചെങ്കിലും പൊതുവേയുണ്ടായ എതിർപ്പുമൂലം ഈ പദ്ധതി മുടങ്ങി കിടക്കുകയാണ്.

(ബി) വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി കഴിഞ്ഞശേഷം മാത്രമേ ഈ വക വിശദാംശം ലഭ്യമാകുകയുള്ളൂ.

(സി) ഇല്ല. എന്നാൽ പദ്ധതി രൂപരേഖ തയ്യാറാക്കാൻ നിയോഗിച്ച സ്വകാര്യ കമ്പനിയുടെ പരിശോധനാ വ്യവസ്ഥകളിൽ ഈ പഠനവും ഉൾപ്പെടുത്തിയിരുന്നു.

(ഡി) മൊത്തം പദ്ധതി ചെലവ് വിശദമായ പഠനത്തിന് ശേഷമേ അറിയാൻ കഴിയൂ. കേരളാ റോഡ് ഫണ്ട് ബോർഡിൽ നിന്നും ഈ പദ്ധതിക്കായി 1,03,00,000 രൂപ ചെലവായി.

(ഇ) തയ്യാറാക്കിയിട്ടില്ല.

(എഫ്) മേൽ ഉത്തരങ്ങളുടെ വെളിച്ചത്തിൽ ചോദ്യത്തിന് പ്രസക്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly